ജി(2) 48944/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.15.11.2011

E-mail-keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in
Tel. No. 0471-2330726

## സർക്കുലർ നമ്പർ 81/2011

വിഷയം: സഹകരണവകുപ്പ് - 34 -ാമത് ദേശീയ സബ് ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പ് - 2011-12 പെരിന്തൽമണ്ണ - ധനസഹായം നൽകുന്നത് - സംബന്ധിച്ച്.

സൂചന: ഓർഗനൈസിംഗ് സെക്രട്ടറി ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 12.09.2011 ലെ നിവേദനം.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുഖ്യരക്ഷാധികാരിയും ജില്ലയിലെ മന്ത്രിമാരും സ്പോർട്സ് വകുപ്പ് മന്ത്രിയും, ദേശീയ സംസ്ഥാന തലത്തിലെ കായിക വിഭാഗം ഉദ്യോഗസ്ഥർ രക്ഷാധികാരികളും നിയോജക മണ്ഡലം എം.എൽ.എ ചെയർമാനുമായി കൊണ്ട് പെരിന്തൽമണ്ണയിൽ വച്ച് സർക്കാർ തലത്തിൽ നടത്തുന്ന 34 -ാമത് ദേശീയ സബ്ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പ്, 2011-12 നടത്തുന്നതുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങളുടെ ധനസഹായം സൂചന പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56 (2) (ഡി) പ്രകാരം സൃഷ്ടിച്ചിട്ടുള്ള പൊതുനന്മാ ഫണ്ടിൽ നിന്നും സംഭാവന ചെയ്യുന്നതിന് ഇതിനാൽ അനുവാദം നൽകുന്നു. ടി വിവരം മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജില്ലയിലെ സഹകരണ സംഘങ്ങളെ അറിയിക്കേണ്ടതാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം.
2. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), മലപ്പുറം.
3. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
4. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം.
5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പെരിന്തൽമണ്ണ
6. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) പെരിന്തൽമണ്ണ
7. ജില്ലയിലെ എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
9. എഡിറ്റർ, സഹകരണവീഥി
10. വെബ്സൈറ്റ്,
11. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

കെ.പി